**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** **07-10-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ഉന്നതികളിൽ ഇന്റർനെറ്റ് കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എ. രാജ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ ഉന്നതികളിൽ മികച്ച ഇന്റർനെറ്റ് കണക്ഷനും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അട്ടപ്പാടി മേഖലയിൽ ഇതുവരെ 193 നഗറുകളിലെ 395 വീടുകൾക്ക് കെ-ഫോൺ കണക്ഷനും, 115 സൗജന്യ കണക്ഷനുകളും നൽകിയിട്ടുണ്ട്. നിലവിൽ ഇന്റർനെറ്റ് സൗകര്യമില്ലാത്ത വിദൂര മേഖലകളിലുള്ള 28 നഗറുകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി BSNL മുഖാന്തിരം ലഭ്യമാക്കുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ നടന്നു വരികയാണ്. ആയതിൽ 4 പി.വി.റ്റി.ജി. നഗറുകളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റൈസ് ചെയ്യാൻ ലക്ഷ്യമിട്ട് കെ-ഫോൺ നടത്തുന്ന കണക്റ്റിംഗ് ദി അൺ കണക്റ്റഡ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ആദിവാസി ഊരുകളിൽ കോർപ്പറേറ്റ് സി.എസ്.ആർ ഫണ്ടിന്റെ സഹായത്തോടെ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുകയെന്നതാണ് കെ-ഫോൺ നടപ്പിലാക്കുന്ന "കണക്റ്റിംഗ് ദി അൺ കണക്റ്റഡ്" പദ്ധതിയുടെ ലക്ഷ്യം. കൂടുതൽ ആദിവാസി ഊരുകളിൽ കണക്ഷൻ വ്യാപിപ്പിക്കുന്നതിനായി സി.എസ്.ആർ കോൺക്ലേവുകൾ വിളിച്ചുകൂട്ടാൻ പദ്ധതിയിട്ടു വരുകയാണ്. |
| (സി) | അട്ടപ്പാടിക്ക് പുറമെ ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ ഊരുകളിൽ കെ-ഫോൺ സൗകര്യം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | പാലക്കാട് ജില്ലയിലെ അട്ടപ്പാടി, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ എന്നീ ഊരുകളിൽ കെ-ഫോൺ കണക്ഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ